"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്-49-ാമത് സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ്-2025(ഫെബ്രുവരി 13-16)-ധനസഹായം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.196/2025/TSM തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-

1. യോഗ അസോസിയേഷൻ, കേരള ഭാരവാഹികൾ ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 21.01.2025 തീയതിയിലെ നിവേദനം.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 16-03-2025 തീയതിയിലെ DOT/791/2025-M1 നം. കത്ത്.

**<u>ഉത്തരവ്</u>**

2025 ഫെബ്രുവരി 13 മുതൽ 16 വരെ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ച 49-ാമത് സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിന് വിനോദസഞ്ചാര വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യോഗ അസോസിയേഷൻ, കേരള പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, ആയതിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2025 ഫെബ്രുവരി 13 മുതൽ 16 വരെ തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ച 49-ാമത് സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻ ഷിപ്പിന്, 3452-80-104-98-00-34-03-PV- മാർക്കറ്റിംഗ് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും, ₹50,000/- (അൻപതിനായിരം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, യോഗ അസോസിയേഷൻ, കേരള , വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജിമോൾ കെ ചാക്കോ

അണ്ടർ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
യോഗ അസോസിയേഷൻ, കേരള (വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Archana T
Date: 01-04-2025 15:46:21

സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്